**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 371** **12.01.2021 - ൽ മറുപടിക്ക്.**

**ഭിന്നശേഷിക്കാർക്ക് ബി.പി.എൽ പരിഗണന**

| ചോദ്യം | | മറുപടി |
|---|---|---|
| **പ്രൊഫ. കെ. യു. അരുണൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഒരു കുടുംബത്തിൽ ഒന്നിൽ കൂടുതൽ ഭിന്നശേഷിക്കാർ ഉണ്ടെങ്കിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവരെ ബി.പി.എൽ ആയി പരിഗണിക്കാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) | സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഏറ്റവും അർഹരായ റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതര ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന അംഗം/അംഗങ്ങൾ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്തി വരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച് യോഗ്യരായവരെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | യും | |

സെക്ഷൻ ഓഫീസർ